# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯

# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 14



# ആരാധനാവത്സരവും ക്രൈസ്തവജീവിതവും

# ആരാധനാവത്സരവും ക്രൈസ്തവജീവിതവും

ആരാധനാവത്സരവും ക്രൈസ്തവജീവിതവും

1.മംഗളവാർത്തക്കാലം (പിറവി)
2.പിറവിക്കാലം
3.ദനഹാകാലം
4.നോമ്പുകാലം
5.ഉയിർപ്പുകാലം
6.ശ്ലീഹാക്കാലം
7.കൈത്താകാലം
8.ഏലിയാ–സ്ലീവാ–മൂശാകാലങ്ങൾ
9.പള്ളിക്കൂദാശക്കാലം

ആരാധനാവത്സരവും ക്രൈസ്തവജീവിതവും

❖ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ സുപ്രധാന സംഭവങ്ങൾ അനുസ്മരിച്ച് ദൈവത്തിനു നന്ദി പറയുകയാണ് സഭ ആരാധനാവത്സരത്തിലൂടെ ചെയ്യുന്നത്.

❖ ഈശോയുടെ ജനനത്തിന് ഒരുക്കമായി മംഗളവാർത്തക്കാലം, അവിടുത്തെ ജനനത്തെ അനുസ്മരിക്കുന്ന പിറവിക്കാലം, മാമ്മോദീസ കേന്ദ്രമാക്കി ദനഹാകാലം, ഈശോയുടെ നാല്പതുദിവസത്തെ ഉപവാസത്തെയും അവിടുത്തെ പീഡാനുഭവത്തെയും മരണത്തെയും അടിസ്ഥാനമാക്കി നോമ്പുകാലം, ഉത്ഥാനത്തെയും സ്വർഗാരോഹണത്തെയും അനുസ്മരിക്കുന്ന ഉയിർപ്പുകാലം, പരിശുദ്ധാത്മാവിന്റെ ആഗമനവും സഭയുടെ പ്രവർത്തനവും അനുസ്മരിക്കുന്ന ശ്ലീഹാകാലം, സഭയുടെ വളർച്ചയെ സൂചിപ്പിക്കുന്ന കൈത്താകാലം, അവിടുത്തെ രൂപാന്തരീകരണവും രണ്ടാമത്തെ ആഗമനവും അനുസ്മരിക്കുന്ന ഏലിയാ സ്ലീവാ മൂശാകാലങ്ങൾ, തന്റെ മണവാട്ടിയായ സഭയെ ഈശോ പിതാവിനു സമർപ്പിക്കുന്ന പള്ളിക്കൂദാശക്കാലം എന്നിങ്ങനെ ഒൻപതു കാലങ്ങളാണ് സീറോമലബാർ സഭയിലുള്ളത്.

# മംഗളവാർത്തക്കാലം (പിറവി)

❖മംഗളവാർത്തക്കാലത്തോടുകൂടിയാണ് നമ്മുടെ ആരാധനാവത്സരം ആരംഭിക്കുന്നത്. ഈശോയുടെ തിരുപ്പിറവിക്കു മുമ്പ് നാലു ഞായറാഴ്ചകൾ വരത്തക്കവിധമാണ് മംഗളവാർത്തക്കാലം ആരംഭിക്കുന്നത്. സുറിയാനി ഭാഷയിൽ അറിയിപ്പുകളുടെ കാലം എന്നർത്ഥം വരുന്ന 'സൂബാറ' എന്ന പേരിൽ ഈ കാലം അറിയപ്പെടുന്നു.

# പിറവിക്കാലം

- ഈശോമിശിഹായുടെ പിറവിത്തിരുനാൾ മുതൽ ദനഹാത്തിരുനാൾവരെയുള്ള ദിനങ്ങളാണ് പിറവിക്കാലമായി കണക്കാക്കപ്പെടുന്നത്. ഈശോയുടെ തിരുപ്പിറവി, ഈശോയെ ദേവാലയത്തിൽ സമർപ്പിക്കുന്നത്, ജ്ഞാനികളുടെ സന്ദർശനം, ഈജിപ്തിലേക്കുള്ള പലായനം എന്നിവയാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. രക്ഷകന്റെ ജനനത്തിൽ അനുഭവപ്പെടുന്ന അവാച്യമായ സന്തോഷം, രക്ഷകനെ നൽകിയ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും, പരിശുദ്ധ കന്യകാമറിയത്തോടുള്ള ആദരവ് എന്നിവയൊക്കെയാണ് ഈ കാലത്തിൽ നമുക്കുണ്ടാകേണ്ട വികാരങ്ങളും മനോഭാവങ്ങളും.

# ദനഹാകാലം

- ഈശോയുടെ മാമ്മോദീസയും പരസ്യജീവിതവും പ്രത്യേകമായി അനുസ്മരിക്കുന്ന കാലമാണ് ദനഹാകാലം. ജനുവരി ആറിന് ആചരിക്കുന്ന ദനഹത്തിരുനാളോടുകൂടിയാണ് ദനഹാകാലം ആരംഭിക്കുന്നത്. ദനഹാ എന്ന സുറിയാനി വാക്കിന് സൂര്യോദയം, പ്രത്യക്ഷീകരണം എന്നൊക്കെയാണർത്ഥം.

# നോമ്പുകാലം

❖ആരാധനാവത്സരത്തിന്റെ കേന്ദ്രമായ ഉയിർപ്പു തിരുനാളിനൊരുക്കമായുള്ള ഏഴ് ആഴ്ചകളാണ് നോമ്പുകാലം. പിശാചിന്റെ പരീക്ഷണങ്ങളെ പരാജയപ്പെടുത്തിയ ഈശോയെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. ഈശോയുടെ പീഡാനുഭവമരണരഹസ്യങ്ങളെ പ്രത്യേകവിധം ധ്യാനിക്കാനും നമ്മുടെ പാപങ്ങൾക്ക് പരിഹാരമനുഷ്ഠിക്കാനും ഈ കാലം നീക്കിവച്ചിരിക്കുന്നു. ഈ കാലത്തിന്റെ ഒന്നാം ഞായർ 'പേത്തുർത്താ' ഞായർ എന്നാണ് അറിയപ്പെടുന്നത്. പേത്തുർത്താ എന്ന സുറിയാനിവാക്കിന്റെ അർത്ഥം തിരിഞ്ഞുനോക്കൽ എന്നാണ്. മനുഷ്യന്റെ പാപവും അതിന്റെ അനന്തര ഫലങ്ങളും, അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകത, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോയുടെ പീഡാനുഭവവും മരണവും എന്നീ രഹസ്യങ്ങൾ നോമ്പുകാലത്ത് നാം പ്രത്യേകം അനുസ്മരിക്കുന്നു.

ആരാധനാവത്സരവും ക്രൈസ്തവജീവിതവും

# ഉയിർപ്പുകാലം

❖പുനരുത്ഥാനത്തിലൂടെ ഈശോ നേടിയ പുതുജീവനിൽ പങ്കുചേരാനും അതിൽ സന്തോഷിക്കാനുമുള്ള കാലമാണിത്. ഈശോയുടെ ഉത്ഥാനത്തോടെയാണല്ലോ ആദ്യമായി സ്വർഗം തുറന്നതും വിശുദ്ധാത്മാക്കൾ സ്വർഗത്തിലേക്കു പ്രവേശിച്ചതും. അതിനാൽ ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച സകലവിശുദ്ധരുടെയും തിരുനാൾ ആചരിക്കുന്നു. ഉയിർപ്പുകാലത്തിലെ രണ്ടാം ഞായറാഴ്ചയെ പുതുഞായർ എന്നും മാർത്തോമ്മാ ഞായർ എന്നും വിളിക്കുന്നു. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ നമ്മുടെ പിതാവായ തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം അനുസ്മരിക്കുന്ന ദിനമാണിത്. ഈ കാലത്തിലെ ആദ്യത്തെ ആഴ്ചയെ 'ആഴ്ചകളുടെ ആഴ്ച' എന്നു വിളിക്കുന്നു. ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലുമുള്ള ഈ പങ്കുചേരൽ ജീവിതത്തിലെ ഓരോനിമിഷത്തിലും നമ്മുടെ ജീവിതശൈലിയാക്കിമാറ്റി, പാപത്തിനു മരിച്ചവരും ഈശോയിൽ ജീവിക്കുന്നവരുമായി ഉത്ഥാനത്തിന്റെ മഹത്വത്തിലേക്കു നാം രൂപാന്തരപ്പെടുവാൻ (2 തിമോ2:12) ഉയിർപ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

ആരാധനാവത്സരവും ക്രൈസ്തവജീവിതവും

# ശ്ലീഹാക്കാലം

❖ പന്തക്കുസ്താതിരുനാളോടെയാണ് ശ്ലീഹാക്കാലം ആരംഭിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ആഗമനവും അവിടുത്തെ പ്രവർത്തനങ്ങളും, ശ്ലീഹന്മാരും സഭയും തമ്മിലുള്ള ബന്ധം, ആദിസഭയുടെ ചൈതന്യം, സഭയുടെ പ്രേഷിതസ്വഭാവം എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേർന്ന് നാമും ഈശോയ്ക്കു സാക്ഷികളാകണം എന്ന് ശ്ലീഹാക്കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

ആരാധനാവത്സരവും ക്രൈസ്തവജീവിതവും

ആരാധനാവത്സരവും ക്രൈസ്തവജീവിതവും

# കൈത്താകാലം

- ശ്ലീഹാകാലത്തെ തുർന്നുവരുന്ന ഏഴാഴ്ചകളാണ് കൈത്താകാലം എന്നറിയപ്പെടുന്നത്. കൈത്താ എന്ന സുറിയാനി വാക്കിന് വിളവെടുപ്പു നടക്കുന്ന കാലമായ 'വേനൽക്കാലം' എന്നാണ് അർത്ഥം. 'ഫലാഗമകാലം' എന്നും ഈ കാലം അറിയപ്പെടുന്നു. സഭയുടെ വളർച്ചയ്ക്ക് അടിസ്ഥാനമായ പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാളോടുകൂടിയാണ് ഈ കാലം ആരംഭിക്കുന്നത്. സഭയുടെ വളർച്ചയ്ക്കു വേണ്ടി രക്തസാക്ഷിത്വം വരിച്ച വിശുദ്ധരെ ഈ കാലത്തിലെ വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നു. സഭയുടെ വളർച്ചയ്ക്കായി പ്രയത്നിക്കാനുള്ള താൽപ്പര്യവും ചൈതന്യവും ഈ കാലത്ത് സഭാമക്കൾ ആർജ്ജിക്കണം.

# ഏലിയാ–സ്ലീവാ–മൂശാകാലങ്ങൾ

- സെപ്റ്റംബർ 14–ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ കേന്ദ്രമാക്കിയുള്ള കാലങ്ങളാണ് ഏലിയാ–സ്ലീവാ–മൂശ. ഈശോയുടെ രൂപാന്തരീകരണവേളയിൽ അവിടുത്തോടൊപ്പം പ്രത്യക്ഷപ്പെട്ട മോശയും ഏലിയായും ഈ കാലത്ത് പ്രത്യേകമായി അനുസ്മരിക്കപ്പെടുന്നു.

# പള്ളിക്കൂദാശക്കാലം



❖ആരാധനാവത്സരത്തിലെ അവസാനത്തെ നാലാഴ്ചകൾ ചേരുന്ന കാലമാണ് പള്ളിക്കൂദാശക്കാലം. യുഗാന്ത്യത്തിൽ ഈശോ തന്റെ മണവാട്ടിയായ തിരുസഭയെ പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്ത് അനുസ്മരിക്കുന്നു.

❖ആദ്യത്തെ ആഴ്ചയിലെ തിരുനാൾതന്നെ സഭാ സമർപ്പണത്തിരുനാൾ എന്നാണറിയപ്പെടുന്നത്. സഭയെക്കുറിച്ച് കൂടുതൽ ധ്യാനിക്കുവാനും സ്വർഗോന്മുഖമായി നീങ്ങുന്ന സഭയോട് താദാത്മ്യപ്പെടാനും ഈ കാലഘട്ടം നമ്മെ സഹായിക്കുന്നു.

## എന്റെ തീരുമാനം

ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളുടെ ചൈതന്യം മനസ്സിലാക്കി അതനുസരിച്ച് ജീവിക്കാൻ ഞാൻ ശ്രദ്ധിക്കും.


ആരാധനാവത്സരവും ക്രൈസ്തവജീവിതവും
ഓർമിക്കാൻ ഒരു തിരുവചനം
'നമ്മുടെ കർത്താവും രക്ഷകനു
മായ ഈശോമിശിഹായുടെ
കൃപയിലും അവനെക്കുറിച്ചു
ള്ള അറിവിലും നിങ്ങൾ വളരു
വിൻ' (2 പത്രോ. 3:18).